Draft #18 of File ADA8/4/Pension/IT AF/2019 Approved by Registrar on 21-Apr-2023 11:17 AM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നമ്പർ. ADA8/4/Pension/IT AF/2019 തീയതി: 21.04.2023

പ്രിയദർശിനി ഹിൽസ്

## സർക്കുലർ

വിഷയം:- സർവകലാശാല പെൻഷനർമാരുടെ 2023-2024 സാമ്പത്തിക വർഷത്തെ വരുമാന നികുതി കണക്കുകളുടെ സമർപ്പണം (പ്രതീക്ഷിതം) - സ്രോതസ്സിൽ നിന്നും നികുതി കിഴിവ് നടത്തുന്നത് സംബന്ധിച്ച്

സൂചന :- ______________

മഹാത്മാഗാന്ധി സർവകലാശാലയിലെ പെൻഷനർമാരുടെ 2023-2024 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത വരുമാന നികുതി കണക്കാക്കുന്നതിനായുള്ള ആന്റിസിപ്പേറ്ററി കമ്പ്യൂട്ടേഷൻ സ്റ്റേറ്റ്മെൻറ് ഫോറം ഔദ്യോഗിക വെബ്സൈറ്റായ "www.mgu.ac.in"-ലെ 'Circulars' എന്ന ലിങ്കിലും Pensioner's Portal -ഉം ലഭ്യമാണ്.

പ്രസ്തുത ഫോറത്തിൽ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തി ആയതിൻറെ ഹാർഡ്കോപ്പി നടപ്പ സാമ്പത്തിക വർഷത്തെ സേവിങ്സ് സംബന്ധമായ പ്രതീക്ഷിത കണക്കുകൾ സഹിതം **രജിസ്ട്രാർ, മഹാത്മാഗാന്ധി സർവകലാശാല, പ്രിയദർശിനി ഹിൽസ് P.O., കോട്ടയം-686560** എന്ന വിലാസത്തിൽ 2023 മെയ് 10 -ന് മുൻപായി അയച്ചുതരേണ്ടതാണ്.

**<u>ആദായ നികുതി വിവരങ്ങളുടെ സമർപ്പണവുമായി ബന്ധപ്പെട്ട് പാലിക്കേണ്ട നിബന്ധനകൾ</u>**

1) 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെ ലഭിച്ചതും ലഭിക്കാനുള്ളതുമായ പെൻഷൻ, ക്ഷാമാശ്വാസ കുടിശ്ശിക, പെൻഷൻ പരിഷ്കരണ കുടിശ്ശിക എന്നിവ കണക്കുകൾ തയ്യാറാക്കുമ്പോൾ ഉൾപ്പെടുത്തേണ്ടതാണ്.

2) ആദായ നികുതി കിഴിവിലേക്കായി സമർപ്പിക്കുന്ന അനുബന്ധ രേഖകൾ നിയമപരമായി അംഗീകാരമുള്ളതാണെന്ന് പെൻഷനർമാർ ഉറപ്പുവരുത്തേണ്ടതാണ്.

3) ആദായ നികുതി വകുപ്പ് 2020 -2021 സാമ്പത്തിക വർഷം മുതൽ രണ്ടു രീതിയിൽ കണക്കുകൾ ഏകോപിപ്പിച്ച് സമർപ്പിക്കുവാൻ അനുവാദം നൽകിയിട്ടുണ്ട്.

*(i) 2019* ഫിനാൻസ് ആക്റ്റ് *(OLD SCHEME)*

*(ii) 2020* ഫിനാൻസ് ആക്റ്റ് - റൂൾ *115 BAC (NEW SCHEME)*

എല്ലാ പെൻഷനർമാരും **ഇതിൽ അഭികാമ്യമായവ ഏതെങ്കിലും ഒന്നു മാത്രം തെരഞ്ഞെടുക്കേണ്ടതും ആയത് കമ്പ്യൂട്ടേഷൻ സ്റ്റേറ്റ്മെന്റിന്റെ ബാധകമായ കോളത്തിൽ നിർബന്ധമായും രേഖപ്പെടുത്തേണ്ടതുമാണ്.** അല്ലാത്തപക്ഷം പുതിയ സ്കീമിൽ ടാക്സ് കണക്കാക്കുന്നതാണ്.

**ഡോ.പ്രകാശ് കുമാർ .ബി**
രജിസ്ട്രാർ

സ്വീകർത്താവ്

എല്ലാ പെൻഷനർമാരും

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #18 of File ADA8/4/Pension/IT AF/2019 Approved by Registrar on 21-Apr-2023 11:17 AM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം